പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഹെൽത്ത് സെന്ററുകളിലെ ഡോക്ടർമാർ എല്ലാദിവസവും രാവിലെ രോഗികളെ പരിശോധിക്കുന്നതും, ഉച്ചയ്ക്കുമേൽ ഹെൽത്ത് സ്റ്റാഫിന്റെ പ്രവർത്തനം പരിശോധിക്കുന്നതും സബ്ബ് സെന്ററുകൾ സന്ദർശിച്ച് ക്ലിനിക്ക് നടത്തുന്നതും ആണ്.

(ബി) ഉണ്ടായിട്ടുണ്ട്.

(സി) അനുവദിച്ചിട്ടുള്ള ചില സബ്ബ് സെന്ററുകൾക്ക് കെട്ടിടം, ഉദ്യോഗസ്ഥന്മാർ, എന്നിവ ഇല്ലാത്തതിനാൽ ആരംഭിച്ചിട്ടില്ല.

(ഡി) ഇതിലേയ്ക്ക് ആവശ്യമുള്ള കെട്ടിടം, ഉദ്യോഗസ്ഥന്മാർ എന്നിവ ലഭിക്കുന്നതിനു വേണ്ട നടപടികൾ എടുത്തുവരുന്നുണ്ട്.

ആയുർവേദ ആശുപത്രികളും ഡിസ്പെൻസറികളും

* 555. [19] ശ്രീ. പി. ആർ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിൽ അടുത്ത സാമ്പത്തികവർഷത്തിൽ എത്ര ആയുർവേദ ആശുപത്രികളും ഡിസ്പെൻസറികളും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട് ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം ;

(സി) കൊടകരയിൽ ഒരു മേജർ ആയുർവേദ ആശുപത്രി സ്ഥാപിക്കുന്നതിനുള്ള നടപടികൾ എന്തെല്ലാമാണ് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) അടുത്ത സാമ്പത്തികവർഷത്തിൽ 6 ആയുർവേദ ഡിസ്പെൻസറികൾ മാത്രമേ തുറക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുള്ളൂ. ആശുപത്രികൾ സ്ഥാപിക്കുന്നതിനു ബഡ്ജറ്റിൽ തുക കൊള്ളിച്ചിട്ടില്ല.

(ബി) ഡിസ്പെൻസറികൾ തുറക്കുവാനുള്ള സ്ഥലങ്ങൾ നിശ്ചയിച്ചു കഴിഞ്ഞിട്ടില്ല. അതാതു ഡിസ്ട്രിക്റ്റ് ഡവലപ്പ്മെന്റ് കൗൺസിലുകളുടെ ശുപാർശയനുസരിച്ച് ഈ കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

(സി) ഒരാശുപത്രിപോലും ഇല്ലാത്ത മറ്റു താലൂക്കുകൾ ഉള്ളതുകൊണ്ട് കൊടകരയിൽ ഒരു മേജർ ആശുപത്രി സ്ഥാപിയ്ക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ നിവൃത്തിയില്ല.

ആയുർവേദ ഡിസ്പെൻസറി

* 556. [20] ശ്രീ. പി. രാമണ്ണിക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സ്റ്റേറ്റിൽ ആകെ എത്ര ആയുർവേദ ഡിസ്പെൻസറികളുണ്ട് ;

(ബി) അതിൽ ഡിസ്ട്രിക്റ്റ് ബോർഡിൽനിന്നും ഏറ്റെടുത്തതെത്ര ;

(സി) സ്റ്റേറ്റ് ആയുർവേദ ഡിസ്പെൻസറികളിലെയും ഡിസ്ട്രിക്റ്റ് ബോർഡ് ഡിസ്പെൻസറികളിലേയും ജീവനക്കാരുടെ ശമ്പളനിരക്കുകൾ ഏകീകരിച്ചിട്ടുണ്ടോ ;

(ഡി) ശമ്പളത്തിൽ വ്യത്യാസം എത്ര ;

(ഈ) ഏകീകരണ നടപടികൾ ജാഗ്രതയ്ക്കായി ഉണ്ടാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഇൻഡിജിനിയസ് ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ ആകെ 204 ആയുർവേദ ഡിസ്പെൻസറികളുണ്ട്.

(ബി) മുന്നു ഡിസ്പെൻസറികൾ.

(സി) ഉണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ഹൈറേഞ്ചിൽ ആരംഭിക്കുന്ന ഡയറിഫാം

* 557. [23] ശ്രീ. കെ. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വിസ്സ് (Switzerland) സഹായത്തോടെ ഹൈറേഞ്ചിൽ ആരംഭിക്കുന്ന ഡയറിഫാമിന്റെ പ്രവർത്തനങ്ങൾ തുടങ്ങിയോ ;

(ബി) എന്തെല്ലാം തുടങ്ങി ;

(സി) ഈ പദ്ധതിയിൽ എന്തെല്ലാം പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് ;

(ഡി) അതിന് മൊത്തം എത്ര ലക്ഷം രൂപ ചെലവു വരും ?

ക്ഷീരവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസ്) ;

(എ) തുടങ്ങിക്കഴിഞ്ഞു.

(ബി) പ്രോജക്ടിനാവശ്യമുള്ള കെട്ടിട നിർമ്മാണങ്ങൾക്കു പുറമെ Soil Analysis, Fodder Production, Cattle Breeding തുടങ്ങിയ പ്രവർത്തനങ്ങളും ആരംഭിച്ചു കഴിഞ്ഞു.

(സി) Fodder Production, Cattle Breeding Dairy farming തുടങ്ങിയ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) സ്റ്റേറ്റ് ഗവണ്മെൻറിന്റെ വിഹിതം 8.65 ലക്ഷം രൂപ.
സ്വിസ്സ് ഗവണ്മെൻറിന്റെ വിഹിതം 1,218,000 സ്വിസ് ഫ്രാങ്ക്സ്.

മന്തരോഗ ചികിത്സ

* 558. [27] ശ്രീ.പി.എം. കുഞ്ഞിരാമൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സംസ്ഥാനത്തിൽ മന്തരോഗം പ്രത്യേകിച്ചു കുട്ടികളുടെയിടയിൽ വർദ്ധിച്ചുവരുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) മന്തരോഗ ചികിത്സയ്ക്കായി ഗവണ്മെൻറാശുപത്രികളിൽ എത്ര ഡോക്ടർമാരുണ്ട് ;

(സി) മന്തരോഗം തടയുവാൻ എന്തെങ്കിലും നടപടി എടുത്തു വരുന്നുണ്ടോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഉണ്ട്.

(ബി) 34 ഡോക്ടർമാരുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly